"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കുന്നത്തൂർ ഹയർ സെക്കൻഡറി സ്കൂളിലെ ലാബ് അസിസ്റ്റൻറ് ശ്രീമതി. വിനീത വി. ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)നമ്പർ.42233/2023-ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 25.01.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.4155/2024/GEDN തീയതി,തിരുവനന്തപുരം, 02-07-2024**

പരാമർശം:-
1. പാലക്കാട് കുന്നത്തൂർ ഹയർ സെക്കൻഡറി സ്കൂളിലെ ലാബ് അസിസ്റ്റൻറ് ശ്രീമതി. വിനീത വി. സർക്കാരിൽ സമർപ്പിച്ച 01/11/2022 തീയതിയിലെ പുന:പരിശോധനാ ഹർജി (EXT P3).
2. ഡബ്ല്യൂ.പി.(സി) നമ്പർ 42233/2023-ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 25.01.2024 തീയതിയിലെ വിധിന്യായം
3. മലപ്പുറം ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ 09/05/2024 തീയതിയിലെ ആർഡിഡിഎച്ച്എസ്സ്ഇ/എംഎൽപിഎം/1868/2024- ജെ നമ്പർ കത്ത്.
4. പൊതുവിദ്യാദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 10/05/2024 തീയതിയിലെ എച്ച്എസ്സ്ഇ/15471/2023/എസിഡി2 നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ തീയതി രേഖപ്പെടുത്താത്ത DDEPKD/6430/2023-B4 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കുന്നത്തൂർ ഹയർ സെക്കൻഡറി സ്കൂളിലെ ലാബ് അസിസ്റ്റൻറ് ശ്രീമതി. വിനീത വി. ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നമ്പർ 42233/2023-ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരിയെയും മറ്റുള്ളവരെയും കേൾക്കുന്നതിനും, EXT P3 (Representation dated 01.11.2022) (പരാമർശം 1) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 15.05.2024 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2.** **ഹർജിക്കാരായ ശ്രീമതി. വിനീത വി.യുടെയും മാനേജരുടെയും അപേക്ഷ ഇപ്രകാരമാണ് .**

"ഹർജിക്കാരി ഈ വിദ്യാലയത്തിൽ 25.2.2013 മുതൽ ലാബ് അസിസ്റ്റന്റ് ആയി അംഗീകാരത്തോടെ ജോലി ചെയ്തുവരുന്നു. ഹർജിക്കാരിയുടെ വിദ്യാഭ്യാസ യോഗ്യത ബി.എ, ബി.എഡ്, എം.എ, കെ.ടെറ്റ് എന്നിവയാണ്. എക്സിപിറ്റ് പി3 റിവിഷൻ ഹർജിയിലെ ആവശ്യം യു.പി.എസ്.ടി തസ്തികയിലേക്ക് പൂർണയോഗ്യത നേടിയ ഹർജിക്കാരിയെ 1.06.2024 മുതൽക്കുതന്നെ യു.പി.എസ്.ടി ആയി തസ്തികമാറ്റം വഴി നിയമിച്ച് അംഗീകാരം നൽകണം എന്നതാണ്. സർക്കാർ ഉത്തരവ് നം. (പി)13/2023/പൊ.വി.വ. തീയതി 12.10.2023 പ്രകാരം ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ്മാർക്ക് അദ്ധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകി നിയമിക്കണം എന്ന സർക്കാർ ഉത്തരവ് ഉള്ളതാണ്. യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിവ ഒരേ യൂണിറ്റിൽ ആകയാൽ യു.പി.സെക്ഷനിൽ വരുന്ന അദ്ധ്യാപക ഒഴിവിലേക്കും ബൈട്രാൻസ്ഫർ നിയമനത്തിന് ഹർജിക്കാരിക്ക് അവകാശം ഉള്ളതാണ്.

സർക്കാർ ഉത്തരവ്(അച്ചടി)നം.13/2023/പൊ.വി.വ തിയതി 12.10.2023 പ്രകാരം ഹയർ സെക്കൻഡറി വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നിവർക്ക് ഹയർ സെക്കൻഡറി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഈ സ്ഥാപനത്തിൽ യു.പി.വിഭാഗവും ഹൈസ്കൂൾ വിഭാഗവും ഹയർ സെക്കൻഡറി വിഭാഗവും ഒരു യൂണിറ്റ് ആയി പ്രവർത്തിക്കുന്നതുകൊണ്ട് യു.പി.എസ്.ടി തസ്തികയിലേക്കും തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകുന്നത് നിലവിലുള്ള നിയമത്തിന് വിരുദ്ധമായ നടപടി ആയി കാണാൻ കഴിയില്ല. ലാബ് അസിസ്റ്റന്റ് തസ്തികയിൽ പ്രൊമോഷൻ സാദ്ധ്യത വളരെ കുറഞ്ഞ സാഹചര്യം ആണുള്ളത്. 1.6.2024-ൽ യു.പി.എസ്.ടി.യുടെ ഒഴിവ് ഉണ്ടാകുന്നുണ്ട്. ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുവാൻ ഹർജിക്കാരി സർവഥാ യോഗ്യയാണ്. ഹർജിക്കാരിക്ക് യു.പി.എസ്.ടി ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിൽ നിയമനാധികാരിക്ക് പൂർണ്ണസമ്മതമാണ് ഉള്ളത്. അതിന് ബൈട്രാൻസ്ഫർ നിയമനം അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് അനിവാര്യമാണ്.

ഈ യു.പി.എസ്.ടി തസ്തികയിലേക്ക് കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം 43, ചട്ടം 51എ, ചട്ടം 51ബി തുടങ്ങിയ മുൻഗണന അവകാശികൾ ആരും തന്നെ ഇല്ലാത്ത സ്ഥിതിക്ക് എക്സിബിറ്റ് പി3 ഹർജിയിൽ ഹർജിക്കാരി ആവശ്യപ്പെട്ട യു.പി.എസ്.ടി തസ്തികമാറ്റ നിയമനം അനുവദനീയമാണ് എന്ന് കാണാവുന്നതാണ്.

ഈ സാഹചര്യത്തിൽ എക്സിപിറ്റ് പി3 ഹർജിയിലെ ഹർജിക്കാരിയുടെ ആവശ്യം നിയമാനുസൃതമാകയാൽ ആയത് അനുവദിച്ചു ഉത്തരവാകണം എന്ന വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു."

**3.** **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) റിപ്പോർട്ട് ഇപ്രകാരമാണ്.**

"പാലക്കാട് ജില്ലയിലെ കുത്തനൂർ എച്ച്.എസ്.എസ്.ലെ ലാബ് അസിസ്റ്റന്റായ ശ്രീമതി

വിനീത വി.യുടെ ലാബ് അസിസ്റ്റൻറ്റ് തസ്തികയിലെ നിയമനം 22/05/2013-ലെ B3/3383/RDDE/2013 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ആർഡിഡി അംഗീകരിച്ച് നൽകിയത് പ്രകാരം 25/02/2013 മുതൽ ശ്രീമതി വിനീത വി. കുന്നത്തൂർ എച്ച്.എസ്.എസ്.ൽ ലാബ് അസിസ്റ്റന്റ് ആയി ജോലി ചെയ്ത് വരുന്നു. ടി സ്കൂളിൽ 2022-2023 അധ്യയനവർഷത്തിൽ ഒഴിവ് വന്ന യു.പി..എസ്.ടി. തസ്തികയിൽ ബൈട്രാൻസർ വഴി നിയമനം നൽകണം എന്ന് കാണിച്ച് ഫയൽ ചെയ്ത കേസിൽ 12/10/2023-ലെ സ.ഉ.(അച്ചടി)നം.13/2023/GEDN പ്രകാരം ബൈട്രാൻസ്റ്റർ വഴി നിയമനത്തിന് അർഹത ഉണ്ട് എന്ന് ടിയാരി അവകാശപ്പെട്ടിരിക്കുന്നു. എന്നാൽ, പരാമർശിത സർക്കാർ ഉത്തരവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ നിയമനത്തിന് എൽപി/യുപി/മിനിസ്റ്റീരിയൽ സ്റ്റാഫ്/ലാബ് അസിസ്റ്റന്റ് വിഭാഗത്തിന് ക്വാട്ട നിശ്ചയിച്ച് കൊണ്ടുള്ള നിയമനം സംബന്ധിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ലാബ് അസിസ്റ്റൻറ്റ് തസ്തികയിൽ നിന്ന് യു.പി.എസ്.ടി. തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിന് നിലവിൽ സാധ്യത ഇല്ലാത്തതിനാൽ ടി വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.‘‘

**4.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുന്നത്തൂർ ഹയർ സെക്കൻഡറി സ്കൂളിൽ 01.06.2024-ൽ ഉണ്ടാകുന്ന അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ഒഴിവിൽ ഹർജിക്കാരിക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകണം എന്നതാണ് ഹർജിയിലെ ആവശ്യം. കുന്നത്തൂർ ഹയർ സെക്കൻഡറി സ്കൂളിൽ യുപി വിഭാഗവും ഹൈസ്കൂൾ വിഭാഗവും ഹയർ സെക്കൻഡറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഹർജിക്കാരി 25.02.2013 മുതൽ ടി സ്കൂളിൽ ലാബ് അസിസ്റ്റൻറ് ആയി നിയമനാംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു. ടിയാരി BA, B.Ed, MA, K-Tet യോഗ്യതകൾ നേടിയിട്ടുണ്ട്.

**5.** G.O.(P)No.13/2023/GEDN dated 12.10.2023 പ്രകാരം HSST Jr തസ്തികമാറ്റ നിയമനത്തിന് എൽ.പി/യു.പി മിനിസ്റ്റീരിയൽ സ്റ്റാഫ്/ലാബ് അസിസ്റ്റൻറ് വിഭാഗത്തിന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ടെന്നും; എന്നാൽ ലാബ് അസിസ്റ്റൻറ് തസ്തികയിൽ നിന്നും യു.പി.എസ്.ടി. ആയി ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിന് ടി ഉത്തരവ് പ്രകാരം സാധിക്കില്ലെന്നും; ഇക്കാര്യത്തിൽ സർക്കാർ തീരുമാനം ആവശ്യമാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

**6.** മേൽ സാഹചര്യത്തിൽ, ഹയർ സെക്കൻഡറിയിലെ ലാബ് അസിസ്റ്റന്റുമാർക്ക് എൽ.പി/യുപി/ഹൈസ്കൂൾ വിഭാഗത്തിൽ അധ്യാപകരായി ബൈട്രാൻസ്ഫർ നിയമനം നൽകുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ഹയർ സെക്കൻഡറിയിൽ ലാബ് അസിസ്റ്റന്റായ ഹർജിക്കാരിക്ക് യു.പി.എസ്.ടി. ആയി ബൈട്രാൻസ്ഫർ നിയമനം നൽകണമെന്ന ആവശ്യം നിരസിച്ച്, ടിയാൾ ഫയൽ ചെയ്ത

പരാമർശം 1 (Ext.P3) പുന:പരിശോധനാ ഹർജി തീർപ്പാക്കി, അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കൻഡറി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപമേധാവി,
സിവിൽ സ്റ്റേഷൻ, മലപ്പുറം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
മാനേജർ, ഹയർ സെക്കൻഡറി സ്കൂൾ, കുന്നത്തൂർ, പാലക്കാട്.
പ്രിൻസിപ്പൽ, ഹയർ സെക്കൻഡറി സ്കൂൾ, കുന്നത്തൂർ, പാലക്കാട്.
ശ്രീമതി. വിനീത വി, ലാബ് അസിസ്റ്റൻറ്, ഹയർ സെക്കൻഡറി
സ്കൂൾ, കുന്നത്തൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് / (ബി3/93/2024യപൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 02-07-2024 13:00:46
സെക്ഷൻ ഓഫീസർ